ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യ മേഖലയുടെ സമഗ്രവികസനത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ഹെൽത്ത്, പ്ലാനിംഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ് തുടങ്ങിയ വകുപ്പുകളുമായുള്ള ചർച്ചക്ക്ശേഷം ലോകബാങ്കിന് സമർപ്പിച്ചു കഴിഞ്ഞു.

(ബി) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ലോകബാങ്കുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ രൂപരേഖ പൂർണ്ണമാവുകയുള്ളു.

(ഡി) പദ്ധതിക്ക് അംഗീകാരം കിട്ടിയാൽ മാത്രമേ ഇതു സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാവുകയുള്ളു.

(ഇ) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ ചർച്ചകൾ നടത്തുവാൻ തയ്യാറാണ്.

(എഫ്) പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളു.

ആരോഗ്യ കേന്ദ്രങ്ങളെ 'ടെലി മെഡിസിൻ' സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതി

30 (*180) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളേയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും 'ടെലി മെഡിസിൻ' സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(സി) ആരോഗ്യ രംഗത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്. തൽക്കാലം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, മഞ്ചേരി ജില്ലാ ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003 ആഗസ്റ്റ് മാസത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) 'ടെലി മെഡിസിൻ' സൗകര്യം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് കമ്പ്യൂട്ടർ നെറ്റ്വർക്കിന്റെ സാങ്കേതിക വിദ്യയിലൂടെ അടിയന്തര വിദഗ്ധ ചികിത്സക്കുള്ള ഉപദേശം ലഭിക്കുന്നതാണ്. രോഗികളെ റഫർ ചെയ്യാതെ ചികിത്സ നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണത്തിന്റെ വേഗത കൂട്ടാൻ നടപടി

1 (742) ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭരണത്തിന്റെ വേഗത കൂട്ടുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി നൂതന നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) റിപ്പോർട്ടാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നോ, വകുപ്പു മേധാവികളുടെ ഓഫീസിൽ നിന്നോ സബോർഡിനേറ്റ് ഓഫീസുകളിലേക്ക് അയയ്ക്കുന്ന കടലാസുകൾക്ക് ഇത്ര ദിവസത്തിനുള്ളിൽ അന്തിമ മറുപടി നൽകിയിരിക്കണമെന്ന് നിഷ്കർഷിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണത്തിന്റെ വേഗത കൂട്ടുവാനായി സെക്രട്ടേറിയറ്റ് തലത്തിൽ വേൾഡ് ജനറിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നൂതന പരിപാടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി & ഡി) സർക്കാരിന്റെ സർക്കുലർ 9940/ഡി2/02/ഉഭപവ തീയതി 5-8-2002 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

മലയോര തീരദേശ വികസന അതോറിറ്റികളുടെ രൂപീകരണം

2 (743) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന അതോറിറ്റി, തീരദേശ വികസന അതോറിറ്റി എന്നിവ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly